"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്- കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ- സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന് ആവശ്യമായ ജീവനക്കാരെ ഫുൾ ടൈം വർക്കിങ് അറേഞ്ചുമെന്റ് വ്യവസ്ഥയിൽ സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിൽ നിന്നും നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.36/2023/P&EA                തീയതി,തിരുവനന്തപുരം, 28-01-2023

പരാമർശം:-
1. 4.03.2020ലെ G.O(Ms)No. 11/2020/Plg. നമ്പർ ഉത്തരവ്
2. 01/10/2020 ലെ G.O.(Ms)No.26/2020/P&EA നമ്പർ ഉത്തരവ്
3. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 5.9.2022 ൽ കൂടിയ യോഗ നടപടികുറിപ്പ്
4. കേരളാ സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ സെക്രട്ടറിയുടെ 03/11/2022 ലെ S(1) 50/2022/kssc നമ്പർ കത്ത്.
5. സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 10.01.2023, 19.01.2023 തിയതികളിലെ DES/99/2021-EB (1) നമ്പർ കത്തുകൾ

**ഉത്തരവ്**

1. സംസ്ഥാനത്തെ സ്ഥിതി വിവരകണക്ക് സംബന്ധമായ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഉപദേശവും മാർഗ്ഗനിർദ്ദേശങ്ങളും സംസ്ഥാന സർക്കാരിന് നൽകുന്നതിനായി ഡോ.രംഗരാജൻ കമ്മിറ്റി റിപ്പോർട്ടിന്റെ ശുപാർശ പ്രകാരം കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മിഷൻ രൂപീകരിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കമ്മീഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ വർക്കിങ് അറേഞ്ചുമെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു.

2. സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 3 യോഗ തീരുമാനപ്രകാരം കമ്മീഷന്റെ പ്രവർത്തനത്തിനായി സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിൽ നിന്നും ജീവനക്കാരെ നിയമിക്കണമെന്ന് കമ്മീഷൻ സെക്രട്ടറി പരാമർശം 4 പ്രകാരം അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിൽ നിന്നും ജോയിന്റ് ഡയറക്ടർ -1 (കമ്മീഷൻ സെക്രട്ടറി), അസിസ്റ്റന്റ് ഡയറക്ടർ-1, റിസർച്ച് ഓഫീസർ-1, റിസർച്ച് അസിസ്റ്റന്റ്-1, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്

ഗ്രേഡ് - I (ഒരെണ്ണം), ഓഫീസ് അറ്റൻഡന്റ്-1 തുടങ്ങിയ 6 ജീവനക്കാരെ അടിയന്തിരമായി ഫുൾ ടൈം വർക്കിങ് അറേഞ്ചുമെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള ഉത്തരവ് നൽകണമെന്ന് പരാമർശം 4 കത്ത് പ്രകാരം സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളാ സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ഊർജിതമായി പ്രവർത്തിക്കുന്നതിന്റെ ഭാഗമായി സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിൽ നിന്നും ചുവടെ പട്ടികയിൽ പറയുന്ന 5 ജീവനക്കാരെ പ്രസ്തുത പട്ടികയിൽ പറയുന്ന തസ്തികകളിൽ കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷനിൽ ഫുൾ ടൈം വർക്കിങ് അറേഞ്ചുമെന്റ് വ്യവസ്ഥയിൽ നിയമിച്ചു കൊണ്ടും, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡയറക്ടറുടെ പരാമർശം (4) കത്തിലെ നിർദ്ദേശ പ്രകാരം സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിലെ പി.പി.സി വിഭാഗം ജോയിന്റ് ഡയറക്ടർ ശ്രീ വിനോദൻ ടി.പി. യെ കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ സെക്രട്ടറിയായി നിയമിക്കുന്ന മുറയ്ക്ക് ജോയിന്റ് ഡയറക്ടർ (സർവേ & ഡിസൈൻ) ശ്രീമതി സുദർശ എസ് ന് ജോയിന്റ് ഡയറക്ടർ (പി.പി.സി) യുടെ അധിക ചുമതല കൂടി നൽകിയും ഉത്തരവാകുന്നു.

| ക്രമ നം. | പേരും നിലവിലെ തസ്തികയും | ഓഫീസും നിയമനം നൽകുന്ന തസ്തികയും ഓഫീസും |
|---|---|---|
| 1. | ശ്രീ വിനോദൻ ടി.പി. **(Pen: 602876)**<br>ജോയിന്റ് ഡയറക്ടർ (പി.പി.സി)<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ്,<br>വികാസ് ഭവൻ, തിരുവനന്തപുരം. | സെക്രട്ടറി,<br>കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ കാര്യാലയം,<br>തിരുവനന്തപുരം. |
| 2. | ശ്രീ ജവാദ് എം.ഇ. **(Pen : 104220)**<br>റിസർച്ച് ഓഫീസർ,<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ്,<br>വികാസ് ഭവൻ, തിരുവനന്തപുരം. | റിസർച്ച് ഓഫീസർ,<br>കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ കാര്യാലയം,<br>തിരുവനന്തപുരം. |
| 3. | ശ്രീ ബിജു ടി.ഡി **(Pen: 183876)**<br>റിസർച്ച് അസിസ്റ്റന്റ്<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ജില്ലാ ഓഫീസ്, തിരുവനന്തപുരം. | റിസർച്ച് അസിസ്റ്റന്റ്,<br>കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ കാര്യാലയം,<br>തിരുവനന്തപുരം. |
| 4. | ശ്രീ സജി എസ്.എം. **(Pen:634047)**<br>സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - I,<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ്,<br>വികാസ് ഭവൻ, തിരുവനന്തപുരം. | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - I<br>കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ കാര്യാലയം,<br>തിരുവനന്തപുരം. |
| | | |

| | | |
|---|---|---|
| 5. | ശ്രീ പ്രതീഷ് കുമാർ പി. (Pen : 918540)<br>ഓഫീസ് അറ്റൻഡന്റ്<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്<br>ഡയറക്ടറേറ്റ്,<br>വികാസ് ഭവൻ, തിരുവനന്തപുരം. | ഓഫീസ് അറ്റൻഡന്റ്,<br>കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ<br>കമ്മീഷന്റെ കാര്യാലയം,<br>തിരുവനന്തപുരം. |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മഞ്ജു എം.എസ്
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.
2. സെക്രട്ടറി, കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ, സാസ ബിൽഡിംഗ്, കൈമനം, തിരുവനന്തപുരം.
3. കമ്മീഷനിൽ നിയമിതരായ ഉദ്യോഗസ്ഥർക്ക് ( സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടർ മുഖേനെ )
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് /എ&ഇ ) കേരള, തിരുവനന്തപുരം.
5. ജില്ലാ ട്രഷറി ഓഫീസർ ,തിരുവനന്തപുരം .
6.ധനകാര്യ വകുപ്പ് (1527677: EXP-A3/293/2020-FIN dated 14.9.2020)
7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ )
8.സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Anu Surendran
സെക്ഷൻ ഓഫീസർ
Date: 28-01-2023 12:08:25

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (അറിവിലേക്കായി)
ആസൂത്രണ സാമ്പത്തികാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ ക്ക് (അറിവിലേക്കായി)

<u>പുറത്തെഴുത്ത് നമ്പർ. ഡിഇഎസ്/99/2021-ഇബി1, തീയതി.30/01/2023</u>

ഉത്തരവിന്റെ പകർപ്പ് ഉദ്യോഗസ്ഥരുടെ അറിവിലേക്കായി വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ഡയറക്ടർക്കുവേണ്ടി

ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം.
ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, തിരുവനന്തപുരം.